# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 1384** **07.06.2018 -ൽ മറുപടിക്ക്**

## പാഠപുസ്തക വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ജോർജ് എം. തോമസ്**<br>**ശ്രീ.കെ.വി.വിജയദാസ്**<br>**ശ്രീ. പി.വി. അൻവർ**<br>**ശ്രീ.ബി.ഡി.ദേവസ്സി** | പ്രൊഫ: സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് പുതിയ അദ്ധ്യയന വർഷത്തേക്കുള്ള പാഠ പുസ്തകങ്ങൾ മുൻകൂട്ടി വിതരണം നടത്തിയതിനു പുറമേ സൗജന്യ സ്കൂൾ യൂണിഫോം വിതരണവും ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) ആരംഭിച്ചിട്ടുണ്ട്. 2018 മെയ് 2 മുതൽ എല്ലാ ജില്ലകളിലും കൈത്തറി യൂണിഫോം വിതരണം ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ അദ്ധ്യയന വർഷത്തെ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായ അളവ് കൈത്തറി തുണിയാണ് ആദ്യഘട്ടത്തിൽ വിതരണം ചെയ്തിട്ടുള്ളത്. ഈ അദ്ധ്യയന വർഷത്തെ ആറാം പ്രവൃത്തി ദിവസത്തെ കുട്ടികളുടെ കൃത്യമായ എണ്ണം കണക്കാക്കിയതിന് ശേഷം അധികമായി അഡ്മിഷൻ എടുക്കുന്ന കുട്ടികൾക്കുള്ള കൈത്തറി യൂണിഫോം വിതരണം രണ്ടാം ഘട്ടത്തിൽ നടത്തുന്നതാണ്. അതുപോലെ കൈത്തറി യൂണിഫോം നൽകാത്ത സർക്കാർ/ എയ്ഡഡ് സ്കൂൾ കുട്ടികൾക്ക് യൂണിഫോം അനുവദിക്കുന്നതിനായി കുട്ടി ഒന്നിന് 400/- രൂപ (നാനൂറ്) ക്രമത്തിൽ ഒന്നാം ഘട്ടത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ഈ അദ്ധ്യയന വർഷത്തെ ആറാം പ്രവൃത്തി ദിവസത്തെ കുട്ടികളുടെ കൃത്യമായ എണ്ണം കണക്കാക്കിയതിന് ശേഷം അധിക തുക ആവശ്യമുള്ള പക്ഷം രണ്ടാം ഘട്ടത്തിൽ അനുവദിക്കുന്നതാണ്. |
| ബി) സൗജന്യ യൂണിഫോമിനാവശ്യമായ കൈത്തറി തുണിത്തരങ്ങൾ നിർമ്മിക്കുന്നത് ആരാണെന്ന് വ്യക്തമാക്കാമോ; | ബി) കൈത്തറി ആൻറ് ടെക്സ്റ്റൈൽസ് ഡയറക്ടറാണ് കൈത്തറി തുണിത്തരങ്ങളുടെ നിർമ്മാണം നടത്തുന്നത് |
| സി) പ്രസ്തുത പദ്ധതിയ്ക്കാവശ്യമായ കൈത്തറി തുണി ഉല്പാദനം പൂർത്തിയായിട്ടുണ്ടോ എന്നും ഇതിനാവശ്യമായ ഫണ്ട് വിതരണം ആരംഭിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ? | സി) ഉണ്ട്. |

സെക്ഷൻ ഓഫീസർ